പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 415

28.6.2011-ലെ മറുപടിയ്ക്ക്

**കുന്ദമംഗലം നിയോജകമണ്ഡലത്തിലെ മാവൂർ ഗ്രാസിം ഫാക്ടറി ഭൂമി ഏറ്റെടുത്തത് സംബന്ധിച്ച് നിലവിലുള്ള കേസ്സുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.റ്റി.എ റഹിം | ശ്രീ.പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) കുന്ദമംഗലം നിയോജക മണ്ഡലത്തിലെ മാവൂർ ഗ്രാസിം ഫാക്ടറി ഭൂമിയുടെ ആകെ വിസ്തീർണ്ണം എത്രയാണ്. | എ) ഗവൺമെൻറിന് ലഭ്യമായ രേഖകൾ പ്രകാരം 246.33 ഏക്കർ ഭൂമിയാണ് കമ്പനിയുടെ കൈവശമുള്ളത്. |
| (ബി) പ്രസ്തുത സ്ഥലം സർക്കാർ അക്വയർ ചെയ്ത് നൽകിയതാണോ; | ബി) പ്രസ്തുത ഭൂമി ഗവൺമെൻറ് ഏറ്റെടുത്ത് നൽകിയതും കമ്പനി സ്വന്തം നിലയിൽ വാങ്ങിയതും ഉൾപ്പെടുന്നു. |
| (സി) എങ്കിൽ ആയതിൻെറ വില നൽകിയത് സർക്കാരാണോ അതോ കമ്പനിയാണോ എന്ന് വ്യക്തമാക്കുമോ; | സി) ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ തുക കമ്പനി നൽകിയിട്ടുണ്ട്. |
| ഡി) പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | ഡി) കമ്പനി പ്രവർത്തനം നിലച്ച സാഹചര്യത്തിൽ ഏറ്റെടുത്ത ഭൂമി തിരികെ നൽകാൻ ഉത്തരവായിട്ടുണ്ട് |
| ഇ) ഇത് സംബന്ധമായി ഏതെങ്കിലും കേസ് നിലവിലുണ്ടോ; | ഇ) പ്രസ്തുത ഭൂമി തിരികെ നൽകാനുള്ള ഗവൺമെൻറ് ഉത്തരവിനെതിരെ ഹൈക്കോടതിയിൽ കമ്പനി ഒരു റിട്ട് ഫയൽ ചെയ്ത് സ്റ്റേ വാങ്ങിയിട്ടുണ്ട്. |
| എഫ്) എങ്കിൽ ആയത് ഒത്തു തീർപ്പാക്കി നിലവിലുള്ള കൈവശക്കാർക്ക് തന്നെ വ്യവസായം ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | എഫ്) കമ്പനിയുടെ കൈവശമുള്ള സ്ഥലത്ത് ഒരു ന്യൂ ജനറേഷൻ വ്യവസായം സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം കമ്പനിയുമായി ചർച്ച ചെയ്ത് ഒരു എം.ഒ.യു(Memorandum of understanding) തയ്യാറാക്കിയിരുന്നു. പ്രസ്തുത എം.ഒ.യു സർക്കാരിൻെറ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ